## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1363 — 12.07.11 ൽ മറുപടിക്ക്

### റേഷൻ കാർഡ് വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി റേഷൻ കാർഡിന് അപേക്ഷിച്ചവരുടെ എണ്ണം എത്രയാണ്; | (എ) | സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കൽ നടപടി 31.03.10 ന് അവസാനിച്ചതിനുശേഷം 01.04.10 മുതൽ 04.07.11 വരെ പുതിയ റേഷൻ കാർഡിനായി 6,49,022 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇനി എത്ര അപേക്ഷകർക്ക് റേഷൻ കാർഡ് വിതരണം ചെയ്യാൻ ഉണ്ട്; | (ബി) | സംസ്ഥാനത്ത് 04.07.11 ൽ 68,195 അപേക്ഷകർക്ക് പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാനുണ്ട്. |
| (സി) | കാലതാമസം ഒഴിവാക്കി റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ? | (സി) | സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന റേഷൻ കാർഡ് അപേക്ഷകൾ തീർപ്പാക്കുന്ന വിഷയം സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും/ താലൂക്ക് സപ്ലൈ ആഫീസർമാർക്കും അടിയന്തിരമായി എല്ലാ കുടിശ്ശിക റേഷൻ കാർഡ് അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ ആഴ്ചയിലും തീർപ്പാക്കുന്ന റേഷൻ കാർഡുകളുടെ വിവരം ശേഖരിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ അവലോകനം നടത്തുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ കുറവായിരുന്ന സപ്ലൈ ഓഫീസുകളിൽ വേണ്ട സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. എല്ലാ സപ്ലൈ ഓഫീസുകളിലും അപേക്ഷകൾ തീർപ്പാക്കുന്നതിന് തീവ്രശ്രമം നടത്തി വരുകയാണ്. സർക്കാരിന്റെ 100 ദിനപരിപാടി അവസാനിക്കുന്നതിനു മുൻപ് എല്ലാ കുടിശ്ശിക അപേക്ഷകളും തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ